പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ വനിത എക്സൈസ് ഗാർഡ് (കാറ്റഗറി നമ്പർ 240/10) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി പ്രസിദ്ധീകരിച്ച ചുരുക്കപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 01.10.2013 മുതൽ 11.10.2013 വരെ പാലക്കാട്ടുള്ള രണ്ടു ഗ്രൗണ്ടിൽ വെച്ച് നടത്തിയ കായികക്ഷമതാ പരീക്ഷയ്ക്ക് വിവിധ കാരണങ്ങളാൽ പങ്കെടുക്കുവാൻ കഴിയാത്തവർക്കും വീണ്ടും അവസരം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് പരാതി സമർപ്പിച്ചവരുമായ ഉദ്യോഗാർത്ഥികൾക്ക് ഒരവസരം കൂടി നൽകുന്നതിനായി ബഹു. കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഇതിലേയ്ക്കായി ആസ്ഥാന ഓഫീസ്സിലേക്കും പാലക്കാട് ജില്ലാ പി.എസ്.സി. ആഫീസിലേക്കും പരാതി സമർപ്പിച്ചിട്ടുള്ളവരും കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കാത്തവരുമായ എല്ലാ ഉദ്യോഗാർത്ഥികളും ആവശ്യമായ രേഖകൾ സഹിതം 20.11.2013 ന് രാവിലെ 6.30 മണിക്ക് തിരുവനന്തപുരം പേരൂർക്കട എസ്.എ.പി.ഗ്രൗണ്ടിൽ കായികക്ഷമതാ പരീക്ഷയ്ക്ക് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. എന്നാൽ ഒരിക്കൽ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുത്ത് വിജയിക്കാത്തവർക്ക് യാതൊരു കാരണവശാലും വീണ്ടും അവസരം നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾക്ക് ഇതു സംബന്ധിച്ച് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.